**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4568** | **01-07-2024 - ൽ മറുപടിയ്ക്ക്**

**കണ്ടല സർവീസ് സഹകരണ ബാങ്കിന് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ടല സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കണ്ടല സർവീസ് സഹകരണ ബാങ്കിനെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ട് വരുന്നതിനും നിക്ഷേപകരുടെ നിക്ഷേപതുക തിരികെ നൽകുന്നതിനായും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 15/03/2024 തീയതിയിൽ ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ പാക്കേജ് പരിശോധിക്കുകയും പാക്കേജിലെ ചില നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാത്തവയാണെന്ന് കണ്ടതിനാൽ കൂടുതൽ ഉചിതവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിക്കാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>നിക്ഷേപകരുടെ ആശങ്ക ദുരീകരിക്കുന്നതിനായി ബാങ്കിന്റെ ക്രമക്കേടുകൾക്ക് കാരണമായിട്ടുള്ളവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച്, ബാങ്കിന് നഷ്ടപ്പെട്ട ആസ്തി തിരിച്ച് പിടിക്കുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 65,68(1) അന്വേഷണ നടപടികൾ സ്വീകരിക്കുകയും തുടർന്ന് ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി എടുക്കുന്നതിന് വകുപ്പ് 68(2) പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (ബി) | അതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; നിക്ഷേപകരുടെ ആശങ്ക ദുരീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | കണ്ടല സർവീസ് സഹകരണ ബാങ്കിനെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ട് വരുന്നതിനും നിക്ഷേപകരുടെ നിക്ഷേപതുക തിരികെ നൽകുന്നതിനായും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 15/03/2024 തീയതിയിൽ ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ പാക്കേജ് പരിശോധിക്കുകയും പാക്കേജിലെ ചില നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാത്തവയാണെന്ന് കണ്ടതിനാൽ കൂടുതൽ |

| | | | |
|---|---|---|---|
| | | | **ഉചിതവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിക്കാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.**<br><br>**നിക്ഷേപകരുടെ ആശങ്ക ദൂരീകരിക്കുന്നതിനായി ബാങ്കിന്റെ ക്രമക്കേടുകൾക്ക് കാരണമായിട്ടുള്ളവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച്, ബാങ്കിന് നഷ്ടപ്പെട്ട ആസ്തി തിരിച്ച് പിടിക്കുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 65,68(1) അന്വേഷണ നടപടികൾ സ്വീകരിക്കുകയും തുടർന്ന് ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി എടുക്കുന്നതിന് വകുപ്പ് 68(2) പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.** |

സെക്ഷൻ ഓഫീസർ